'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടക്കൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിന് ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് കോട്ടക്കൽ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1760/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/08/2019

---

പരാമർശം:- 1 കോട്ടക്കൽ നഗരസഭ കൗൺസിലിന്റെ 26.09.2018 ലെ 1-ാം നമ്പർ തീരുമാനം.

2 കോട്ടക്കൽ നഗരസഭ കൗൺസിലിന്റെ 06.03.2019 ലെ 1-ാം നമ്പർ തീരുമാനം

3 കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ 07.05.2019 ലെ PW2-19978/18 നമ്പർ കത്ത്.

4 നഗരകാര്യ ഡയറക്ടറുടെ 30.05.2019 ലെ ഡി.സി.3-9707/2019 നമ്പർ കത്ത്.

5 എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 26.06.2019 ലെ EMC/EED/19/E-16027/KM നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടക്കൽ നഗരസഭയിൽ 2017-18 വർഷത്തിൽ തെരുവ് വിളക്ക് പരിപാലനം എ.എം.സി. മുഖേന സ്വകാര്യ കമ്പനിക്ക് നൽകുകയും 23.11.2018-ന് കരാർ കാലാവധി അവസാനിക്കുകയും ചെയ്തു. പരാമർശം (1) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ മുഴുവൻ തെരുവു വിളക്കുകളും ഓട്ടോമാറ്റിക് എൽ.ഇ.ഡി.സംവിധാനത്തിലേക്ക് മാറ്റുന്നതിന് താത്പര്യപത്രം ക്ഷണിച്ചിരുന്നു. താത്പര്യപത്രം സമർപ്പിച്ച സ്ഥാപനങ്ങളിൽ ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഏറ്റവും കുറവ് തുകയായ 8.2 ലക്ഷം രൂപ പ്രതിമാസം (ജി.എസ്.ടി.ഉൾപ്പെടാതെ) രേഖപ്പെടുത്തിയിട്ടുള്ളത്.

2. സി.എഫ്.എൽ.മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ ലാഭിക്കുന്ന വൈദ്യുത ചാർജ്ജിന്റെ 10% തുക നഗരസഭയ്ക്ക് അനുവദിക്കണം എന്ന വ്യവസ്ഥയോടെ നഗരസഭ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശ പ്രകാരം, ആർട്ട്കോ ലിമിറ്റഡുമായി ഏർപ്പെടുന്നതിന് തയ്യാറാക്കിയ കരാർ പരാമർശം (2) പ്രകാരം കോട്ടക്കൽ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. അധിക സാമ്പത്തിക ബാധ്യതയില്ലാതെ ആർട്ട്കോ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം കോട്ടക്കൽ നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

3. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇ.എം.സി. ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയ്ക്കൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിന് കോട്ടയ്ക്കൽ നഗരസഭയും ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്തിമ കരാറിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതും പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

i. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റിന് പകരം 20 വാട്ട്സിന്റെയും 100 വാട്ട്സിന്റെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുമ്പോൾ ആവശ്യത്തിനുള്ള പ്രകാശ തീവ്രത ലഭിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, വാട്ടേജ് എന്നിവ പുനക്രമീകരിച്ച് IS-1944 പ്രകാരം വെളിച്ചം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ii. പ്രവർത്തനരഹിതമായ എൽ.ഇ.ഡി. തെരുവുവിളക്കുകൾ 48 മണിക്കൂറിനുള്ളിൽ തകരാർ പരിഹരിച്ച് പ്രവർത്തനസജ്ജമായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇല്ലെങ്കിൽ പിഴ ഈടാക്കുവാനുള്ള വ്യവസ്ഥകൾ അന്തിമ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ആവശ്യത്തിലേക്ക് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തണം.

iii. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ സാമ്പിൾ സ്വീകരിച്ച് NABL അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ചുരുങ്ങിയത് 10 ശതമാനം ലൈറ്റുകളുടെ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കണം.

iv. 10 വർഷത്തിന് (പദ്ധതി നടത്തിപ്പ് കാലയളവ്) ശേഷം തെരുവ് വിളക്കുകൾ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയ്ക്ക് കൈമാറുമ്പോൾ എല്ലാ തെരുവുവിളക്കുകളും പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

v. അധികമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി.തെരുവ് വിളക്കുകളുടെ വിലയും മറ്റ് കാര്യങ്ങളും നഗരസഭയും കമ്പനിയും തമ്മിൽ തീരുമാനിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുമ്പോൾ അധികം ലൈറ്റ് സ്ഥാപിക്കുന്നതിന് കരാറുകാരന് ആനുപാതികമായ ചെലവ് വർദ്ധന ഉണ്ടാകില്ല എന്നതിനാൽ നഗരസഭക്ക് ആനുപാതികമായി കൂടുതൽ സാമ്പത്തിക നേട്ടം ലഭിക്കുന്ന രീതിയിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

vi. ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ വാട്ടേജ്, സ്ഥാപിക്കുന്ന പോസ്റ്റ് എന്നിവ പ്രത്യേകം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിശ്ചിത ല്യൂമിനസ് വെളിച്ചം ലഭിക്കുന്നു എന്നു ഓരോ വർഷവും പരിശോധനക്ക് വിധേയമാക്കി ഉറപ്പ് വരുത്തണം. വീഴ്ച വന്നാൽ പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത.കെ.എസ്.**
**ഡെപ്യൂട്ടിസെക്രട്ടറി**

ചെയർമാൻ, കോട്ടക്കൽ മുനിസിപ്പാലിറ്റി.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടക്കൽ മുനിസിപ്പാലിറ്റി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.08.16 16:02:57 IST
Reason: Approved
സെക്ഷൻ ഓഫീസർ